ഗവ.ഈസ്റ്റ് ഹൈസ്കൂൾ മൂവാറ്റുപുഴ

ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

# സമഭാവന 2019



അക്ഷരക്കാഴ്ചകളും വർണവിസ്മയലോകങ്ങളും
എത്രയായാലും മതി വരില്ല
എഴുതിയത് ഹരിശ്രീ മാത്രം
എഴുതാനുള്ളത് ഒരു കടലാണ്
എത്ര കോരി നിറച്ചാലും തീരാത്തത്
കാണാക്കയങ്ങളിൽ
മുത്തുച്ചിപ്പികളെ കരുതി വച്ചത്
അലറിക്കരഞ്ഞും അലഞ്ഞും മടുത്തു പോകാത്തത്
അതിനാൽ......... അപൂർണതയാണ് സൗന്ദര്യം

അനുഗ്രഹിച്ചാലും ആശീർവദിച്ചാലും..........................

എഡിറ്റോറിയൽ ബോർഡ്


# മാനത്തെ കള്ളൻ


കാറ്റുണ്ട് മഴയുണ്ട് വെയിലുണ്ട്തണലുണ്ട്
മാനത്തെ കൂട്ടരും കൂടീട്ടുണ്ട്
കൺചിമ്മും താരങ്ങൾ താഴോട്ട് വന്നിട്ട്
ഓമൽ കിടാങ്ങളെ തഴുകുന്നുണ്ട്
കാറ്റല്ല മഴയല്ല വെയിലല്ല തണലല്ല
ഓമൽ കിടാങ്ങളെ തഴുകിയത്
ആമ്പൽക്കുളത്തിലെ താമരക്കുഞ്ഞുങ്ങൾ
ഓമൽക്കിടാങ്ങളോട് ചൊല്ലി
നിങ്ങളെ വന്നു തൊട്ടി തലോടീത്
മാനത്തെ വെണ്മയിൽ മുങ്ങിക്കുളിക്കുന്ന
കള്ളനാം കുഞ്ഞുസൂര്യനത്രേ

ജ്യോതിലക്ഷ്മി M H
9







# അബ്ദുൾ കലാം ആസാദ്

ഇന്ത്യൻ ദേശീയ നേതാവും പ്രമുഖ എഴുത്തുകാരനുമായ മൗലാന അബ്ദുൾ കലാം ആസാദ് 1888 ൽ മക്കയിലാണ് ജനിച്ചത്.അൽ ഹിലാൽ എന്ന പേരിൽ ഒരു ഉറുദു വാരിക 1912 ൽ ആരംഭിച്ചു. ഇന്ത്യൻസ്വാതന്ത്ര്യ സമരത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം ഇന്ത്യൻ നാഷണൽകോൺഗ്രസിന്റെപ്രസിഡന്റായും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനായും വർത്തിച്ചിട്ടുണ്ട്. ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ആസാദ്. ഇന്ത്യ വിൻസ് ദ ഫ്രീഡം എന്ന ആത്മകഥയും ഇസ്ലാമിക ദർശനങ്ങളേയും സാഹിത്യത്തേയും കുറിച്ചുള്ള ഏതാനും ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ സംഭാവനകളാണ്.

അൽതാഫ് നാസർ 8

# അദ്ധ്വാനത്തിന്റെ വില

ഒരിക്കൽ ഒരിടത്ത് അച്ഛനും മകനും ഉണ്ടായിരുന്നു. കഠിനാധ്വാനിയായിരുന്ന അച്ഛൻ.മകനാകട്ടെ മടിയനും മദ്യപനുമായിരുന്നു. പണിയെടുത്ത് ജീവിക്കണമെന്ന് ഒരു ദിവസം അച്ഛൻ മകനെ ഉപദേശിച്ചു. എന്നാൽ "നിങ്ങൾ ഇവിടെ ജീവിച്ചിരിക്കുന്നുണ്ടല്ലോ പിന്നെന്തിനാണ് ഞാൻ പണിഎടുക്കുന്നത്മരിക്കുമ്പോൾആലോചിക്കാം"എന്നായിരുന്നു മകന്റെ മറുപടി.അച്ഛന് അത് കേട്ടപ്പോൾ സങ്കടം തോന്നി .എങ്കിലും അദ്ദേഹംപറഞ്ഞു മകനേ നിനക്ക് ഒരു ലക്ഷം രൂപ തരാം.പക്ഷേ നീ എനിക്ക് പകരം ആയിരം രൂപ തരണം .അവൻ കൂട്ടുകാരോടെല്ലാം ആയിരം രൂപ കടം ചോദിച്ചെങ്കിലും ആരും പണം നൽകിയില്ല.ഒടുവിൽ പണിക്കു പോയി പണമുണ്ടാക്കാൻ തീരുമാനിച്ചു.ഒടുവിൽ ആയിരം അവൻ സമ്പാദിച്ചു.പണം അവൻ സന്തോഷത്തോടെഅച്ഛനെഏൽപിച്ചുഅച്ഛനാകട്ടെനോട്ടുകൾകത്തിച്ചുകളയാനൊരുങ്ങിഅപ്പോൾമകൻചോദിച്ചുഎന്തുപണിയാണ് ഈ കാണിക്കുന്നത് . അച്ഛനെന്താ ഭ്രാന്തു പിടിച്ചോ ?അച്ഛനതു കേട്ട് പറഞ്ഞു നീ ഇത്രയും കാലം എന്റെ കാശ് ചിലവാക്കി കളഞ്ഞു അപ്പോൾ എനിക്കുണ്ടായിട്ടുള്ള വിഷമം നീ ചിന്തിച്ചിട്ടുണ്ടോ? മകന് എല്ലാം ബോധ്യമായി .അവൻ അച്ഛനോട് ക്ഷമ ചോദിച്ചു.



**അദ്ധ്വാനിച്ചാലേ അതിന്റെ വില അറിയൂ**

# ഒരച്ഛന്റെ ആത്മനൊമ്പരം

കഥാപ്രസംഗം

തച്ചുശാസ്ത്രത്തിലും കൊത്തുപണികളിലും അഗ്രഗണ്യനായിരുന്നു പെരുന്തച്ചൻ. പറയിപെറ്റ പന്തിരുകുലത്തിലെ

മൂന്നാമനായിരുന്നു അദ്ദേഹം.തച്ചന്റെ മകനും പ്രാവീണ്യമെല്ലാം തികഞ്ഞ് പ്രഗത്ഭനായിരുന്നു.

അച്ഛനെ വെല്ലും മകന്റെ നൽ സിദ്ധികൾ
നാട്ടിൽ മുഴുവൻ പാട്ടായി
അവന്റെ കൗശലവേലകൾ കാണാൻ
ആളുകൾ  പലവഴി വരവായി

ഒരിക്കൽ പെരുന്തച്ചൻ അവരുടെ ഗ്രാമത്തിലെ പാലത്തിന്റെ ഒരു ഭാഗത്ത് യന്ത്രപ്പാവയെ

ഉണ്ടാക്കി വച്ചു . യാത്രക്കാർ വരുമ്പോൾ പാവ താഴേക്കിറങ്ങി വായിൽ വെള്ളം നിറച്ച്

യാത്രക്കാരെ തുപ്പും.

പാവശല്യം മൂലം പലരും
പാലം കേറാൻ പേടിച്ചു
കേറിയവർക്കോ കഷ്ടം
മുഖത്തു നന്നായി തുപ്പേറ്റു

തച്ചന്റെ പാവയുടെ ശല്യം സഹിക്ക വയ്യാതെ നാട്ടുകാർ വിഷമിച്ചു
അവർ  പോംവഴികൾ പലതും ആലോചിച്ചു  ഒന്നും ശരിയായില്ല

ഒടുവിൽ പെരുന്തച്ചന്റെ മകൻ സഹായിക്കാമെന്നേറ്റു.അവൻ മറ്റൊരു പാവയെ ഉൺാക്കിക്കൊണ്ടു

വന്ന് പാലത്തിന്റെ മറുഭാഗത്തു വച്ചു . പെരുന്തച്ചന്റെ പാവ തുപ്പാനൊരുങ്ങിയപ്പോൾ മകന്റെ പാവ ചാടി വന്ന്
അതിന്റെ കരണത്ത് അടിക്കും

രസകരമീ രംഗം കാണാൻ
കേട്ടവർ കേട്ടവർ പാഞ്ഞെത്തി
സ്വന്തം കരണത്തടിയേറ്റതുപോൽ
തച്ചനുമൊത്തിരി വിഷമിച്ചു

''മകൻ അച്ഛനെ തോൽപ്പിച്ചിരിക്കുന്നു ''എന്ന് ആളുകൾ അടക്കം പറഞ്ഞു.പക്ഷെ പെരുന്തച്ചൻ അതത്ര

കൂട്ടാക്കിയില്ല .അച്ഛൻ തോറ്റാലെന്ത് ?മകനല്ലേ ജയിക്കുന്നത്? അതിലിത്ര

വിഷാദിക്കാനെന്തിരിക്കുന്നു?പെരുന്തച്ചൻ സ്വയം ആശ്വസിക്കാൻ ശ്രമിച്ചു.

ഇവ്വിധമൊത്തിരിയൊത്തിരി കഥകൾ

നാടെമ്പാടും പ്രചരിച്ചു
ഒന്നിനൊന്നിനെ വെല്ലും മട്ടിൽ
ഇരുവരുമങ്ങനെ പണി ചെയ്തു.

മകന്റെ കഴിവിൽ അച്ഛന് അസൂയയുണ്ടെന്ന നാട്ടുകാരുടെ വാദം പറച്ചിൽ പെരുന്തച്ചനെ കുറച്ചൊന്നുമല്ലാവേദനിപ്പിച്ചത്.എന്തിനാണ് ആളുകൾ ഇങ്ങനെയൊക്കെ പറയുന്നത്? അദ്ദേഹം വിഷമത്തോടെ ഓർത്തു.ക്ഷേത്രഗോപുരത്തിന്റെ ഓരോ തട്ടിലും കൊത്തിവച്ചിരിക്കുന്ന അഷ്ടദിക്പാലകരൂപങ്ങളിൽ ഒന്ന് അച്ഛന്റെ കൈ കൊണ്ടും മറ്റൊന്ന് മകന്റെ കൈ കൊണ്ടും കൊത്തിയതാണ് .മകന്റെ ശില്പം അച്ഛന്റേതിനേക്കാൾ കേമമാണത്രേ?

ഇങ്ങനെ പല പല ചിന്തയ്ക്കിടയിൽ
കാലം പോയി മറഞ്ഞല്ലോ
ഒരു നാളവിടെ നാട് നടുക്കും
ദുരന്തമുണ്ടായി വന്നല്ലോ

പെരുന്തച്ചനും മകനും ചേർന്ന് ക്ഷേത്രാങ്കണത്തിൽ കൂറ്റൻ ഒരാനപ്പന്തൽ പണിയുകയായിരുന്നു. പണി കെങ്കേമമായി നടന്നു കൊണ്ടിരിക്കേ മുകൾ ത്തട്ടിൽ നിന്ന പെരുന്തച്ചന്റെ വീതുളി കൈതെറ്റി അബദ്ധത്തിൽ താഴേക്കു പതിച്ചു. കണ്ടവരെല്ലാം കണ്ണു പൊത്തി.

വീതുളി ചെന്നു മുറിച്ചു നീക്കി
തച്ചൻ തന്നുടെ മകന്റെ കണ്ഠം
ഉച്ചത്തിലാർത്തു കരഞ്ഞു
ജനങ്ങളങ്ങോട്ടു പാഞ്ഞു വന്നു
ഹൃദയം പിളർന്നു തച്ചനതാ
താഴേക്കു താഴേക്കു വീണുപോയി

അന്നത്തെ തളർച്ചയിൽ നിന്നൊരിക്കലും എഴുന്നേൽക്കാൻ പിന്നീട് തച്ചന് കഴിഞ്ഞില്ല. വേർപാടിന്റെ വേദനയിൽ നീറി കഴിയുകയാണ് പെരുന്തച്ചൻ


അപവാദത്തിൻ അലയൊലിയങ്ങനെ
ചുറ്റിയടിച്ചു നാട്ടിലെങ്ങും
അതിന്റെ നടുവിൽ ജീവച്ഛവമായി
ചുരുണ്ടുകൂടി പെരുന്തച്ചൻ

-------------- അനഘ മധു 8






# ചിപ്പിയുടെ ചിത്രലോകം




Chippy Maria Raju

9





# ശ്രേഷ്ഠഭാഷ മലയാളം

മിണ്ടിത്തുടങ്ങിയതു മുതൽ  അമ്മിഞ്ഞപ്പാലോടൊപ്പം നമ്മുടെ നാവിൻ തുമ്പിൽ ഊയലാടുന്ന മധുരഭാഷയാണ് മലയാളം നാടോടിപ്പാട്ടിലും പതിരില്ലാത്ത പഴഞ്ചൊല്ലിലും കടംകഥയിലും  നിറഞ്ഞുതുളുമ്പുന്ന മലയാളം നമ്മളിലാർക്കാണ്  മറക്കാനാവുക എഴുത്തച്ഛന്റെ കിളിമൊഴി മുതൽ പുതുതലമുറകളുടെ മധുരാക്ഷരികൾ മലയാളത്തിന്റെ മഹിമ വിളിച്ചോതുന്നവയാണ്. കേരളസംസ്കാരം നമ്മിലേക്ക് പകർന്നു തരുന്ന മലയാളം ശ്രേഷ്ഠ ഭാഷ തന്നെയാണ് .എങ്കിലിന്നോ ? . പാശ്ചാത്യ സംസ്കൃതിയുടെ കടന്നു കയറ്റം മലയാളിയെ വല്ലാതെ സ്വാധീനിച്ചു. ഭാഷയിലും വേഷത്തിലും സംസ്കാരത്തിലും കേരളീയൻ അടിമുടി മാറി.ആ മാറ്റം തങ്ങളുടെ പിഞ്ചുകുട്ടികളെ ഇംഗ്ലീഷ്സ്കൂളിലെ പട്ടിക്കൂട്ടിലും പൂട്ടിയിട്ടേക്കുമെന്ന അവസ്ഥയിലെത്തിച്ചു.മാതൃഭാഷയില്ലാതെ നമുക്കെങ്ങനെ ചിന്തിക്കാനാകും?എങ്ങനെ വളരാനാകും ?. മലയാലം കുരച്ച് കുരച്ച് അരിയുമെന്ന്  പറയുന്ന മലയാളിയെ തള്ളിക്കളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.മലയാലം കൊല്ലാം കൊല്ലാംഎന്നുവിളിച്ചോതി മലയാളത്തെ കൊല്ലുന്ന ടെലിവിഷൻ അവതാരകരെ നാം തള്ളിക്കളയണം .

ഉന്നതവിദ്യാഭ്യാസം ഇംഗ്ലീഷിലായിരിക്കുന്നിടത്തോളം നമുക്കതിനെ പൂർണ്ണമായും തള്ളിക്കളയാനാവില്ല. പ്രാഥമിക വിദ്യാഭ്യാസം മലയാളത്തിലായിരിക്കണമെന്ന സർക്കാർ നിർദ്ദേശം സ്വാഗതാർഹമാണ്.പൊതുഭരണം മലയാളത്തിലാക്കാനുള്ളശ്രമങ്ങൾനടന്നുവരുന്നതുംസന്തോഷകരമാണ.ഇവസമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. അതുപോലെ കുട്ടികളുടെ കലോത്സവരചനകളും മാറ്റും സമാഹരിച്ച് പ്രസിദ്ധം ചെയ്തുസ്കൂളുകലിലെത്തിക്കണം.ഭാഷാസൃഷ്ടികളെപ്രോത്സാഹിപ്പിക്കുന്ന സമീപനം സമൂഹത്തിലുണ്ടാകണം .നാവിലൂറും തേനായി മലയാളം മാറണം.



Improve your GK

1.Who is the present Reserve Bank Governor?

Ans. Shakthi Kanth Das

2.World Cancer day celebrated on----

Ans . 14 th February

3. Which River is Known as Kalindi in puranas?

Ans. Yamuna

4.Current Bangladesh PrimeMinister ?

Ans. Shaikh Haseena

5. First Lady and Keralite to become IMF Chief Economist

Ans. Geetha Gopinath

.

APPOINTMENTS

AK Sikri appointed as Executive Chairman of National Legal Services Authority (NALSA).

.

Amitabh Chaudhry took charge as Managing Director and CEO of Axis Bank.

.

Government appointed Kumar Rajesh Chandra as Director General in Sashastra Seema Bal (SSB).

.
Hemant Bhargava is appointed as Acting Chairman of Life Insurance
.
India's Pranav R Mehta appointed as president of Global Solar Council (GSC), becoming first Indian to hold this post.

.
Jair Bolsonaro appointedas new President of South American Nation Brazil.

.
Saurabh Kumar has been appointed as Director General of Ordnance Factories (DGOF) and chairman of Ordnance Factory
Board (OFB). Indian Ordnance Factories organisation is a family of 41 Ordnance Factories, under Ministry of Defence.

.
Thottathil Bhaskaran Nair Radhakrishnan appointed as first Chief Justice of Telangana High Court.
Also, Praveen Kumar
appointed as acting Chief Justice of Andhra Pradesh High Court.

.
Vinod Kumar Yadav appointed as Chairman of Railway Board, after Ashwani Lohani retired from post.
Top

## Days
1
.
Jan 04, 2019 - UN 1st World Braille Day. Day was proclaimed by UN General Assembly in November 2018, as a means of
realizing human rights of visually-impaired and partially-sighted people.
2
.
Jan 10 - World Hindi Day. It marks first World Hindi Conference which held in 1975. It has been observed on Jan 10 since 2006.
1
.
Note That similar Sounding National Hindi Diwas is celebrated every year on September 14, marking adoption of Hindi as
Official Language of India, in 1949.

## ക്രിസ്മസ് ആഘോഷം




സ്മാർട്ട് എനർജിക്ലാസ്സ്









ബഹു.MLA എൽദോ എബ്രഹാം പുതിയതായി അനുവദിച്ച സ്കൂൾ ബസ്

# അൽഫിയയുടെ കവിതകൾ

## ലഹരി

ലഹരികൾക്കടിമയാം വിദ്യാർത്ഥികൾ
നമ്മൾ പിൻമാറുവിൻ നല്ല നാളേക്കായി
കഞ്ചാവ് കൊക്കൈൻ ബ്രൗൺ ഷുഗർ മദ്യം
തുരത്തുവിൻ ജീവിതത്തിൽ നിന്നിവയെ
മാനുഷ്യനെ കഷ്ടത്തിലാഴ്ത്തുന്ന
ലഹരി ദുരന്തങ്ങൾ കൊണ്ടെത്തിക്കുന്ന ലഹരി
മരണത്തിലേക്കെന്ന പോൽ തള്ളുന്ന ലഹരി
ആപത്താണെന്ന് ഓർക്കുവിൻ
മാനുഷ്യാ.....

## ഓസോൺ പാളി

ഓസോൺ പാളിയെ സംരക്ഷിക്കു
ഓസോൺ പാളിയെ നിലനിർത്തു
ഭൂമിക്ക് ചുറ്റും ആവരണം പോൽ
ഉണ്ടല്ലോ നമ്മുടെ ഓസോൺ പാളി
ഓസോൺ പാളിക്ക് വിള്ളലേറ്റാൽ
ഓസോൺ പാളി തകരുമല്ലോ
ഓസോൺ പാളി തകർന്നാലോ
മനുഷ്യരെല്ലാം കഷ്ടത്തിൽ
മനുഷ്യരെല്ലാം കഷ്ടത്തിൽ

അൽഫിയ ഹമീദ് 9



17

## പൂമ്പാറ്റയോട്

മുറ്റത്തെ തൊടിയിൽ പാറിപ്പറക്കും പൂമ്പാറ്റെ
ആരു നിനക്കീ വിദ്യകൾ ചൊന്നു  ചൊല്ലുക നീ പൂമ്പാറ്റെ
മാനത്തെ പറവ തൻ ഒപ്പത്തിലെത്താൻ
ആഗ്രഹിക്കുന്നു നീ  പൂമ്പാറ്റെ
ചൊല്ലുക ചൊല്ലുക പൂമ്പാറ്റെ

ആരു നിനക്കീ പട്ടുകൾ നൽകി
ആരു നിനക്കീ സൗന്ദര്യം തന്നു
ചൊല്ലുക  ചൊല്ലുക പാറിപ്പറക്കും പൂമ്പാറ്റെ
മുറ്റത്തെ തൊടിയിൽ പാറിപ്പറക്കും പൂമ്പാറ്റെ

കളിചിരിയും കള്ളക്കുസൃതിയും കാട്ടി നടക്കും പൂമ്പാറ്റെ
പാറിപ്പറക്കും പൂമ്പാറ്റെ...
ചൊല്ലുക നിൻ കഥകളെല്ലാം ചൊല്ലുക ചൊല്ലുക പൂമ്പാറ്റെ
പാറിപ്പറക്കും പൂമ്പാറ്റെ.....

## കാറ്റ്

കുളിർ മേനി തഴുകിക്കൊണ്ട്
എങ്ങോട്ടോടുന്നു പൂങ്കാറ്റേ
പൂക്കളെയൊക്കെ തഴുകിയുണർത്തി
എങ്ങോട്ടോടുന്നു പൂങ്കാറ്റേ.......
നിന്റെ തഴുകൽ എന്നെ ആനന്ദിപ്പിക്കുന്നു
നിന്റെ സ്പർശം എനിക്ക് കുളിരേകുന്നു
നിന്റെ ആലോല വായുവിൽ
ഞാൻ നിറഞ്ഞാടുന്നു മലരേ...
കള കളമൊഴുകും അരുവികൾക്കും
ക്കു ക്കു പാട്ടും കുയിലുകൾക്കും
നിൻ മലരമ്പിളി മൂകാനുരാകം
സ്പർശന നൃത്തമാടുന്നു പൂങ്കാറ്റേ.....

ALFIYA NASAR 9

പ്രളയദുരിതാശ്വസം



കായികമേള



## Little Bird

Sing little bird sing
In the branch of tree
Your lovely lovely sing
Are beauty and sweety
Your wonderful feathers
Are  looking so pretty
Your big eyes
Are looking so shiny
Your long peak
Are looking so cutee
Sing little bird sing
In the branch of tree

AMEERA BASHEER 9

## ശലഭോദ്യാനം



ഭൂമിയിലെ ജീവജാലങ്ങളിൽ പ്രധാനപ്പെട്ട ഒരു സ്ഥാനം പൂമ്പാറ്റകൾക്കുണ്ട്. പൂക്കളിൽ പരാഗണം നടത്തുന്ന ജീവികളിൽ ഒന്നാം സ്ഥാനം തേനീച്ചകൾക്കാണെങ്കിൽ രണ്ടാം സ്ഥാനം പൂമ്പാറ്റകൾക്കാണ്. സസ്യവൈവിധ്യങ്ങളെ നിയന്ത്രിച്ച് നിലനിർത്തുന്നതിൽ ഈ ജീവികൾ വഹിക്കുന്ന പങ്ക് വലുതാണ് ശലഭങ്ങൾ ഇല്ലാത്ത ഈ ലോകം അത്ര സുന്ദരമാവില്ലത്തന്നെ . ഈ ശലഭങ്ങളെ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ തന്നെ നിലനിൽപ്പിന് അത്യാവശ്യമാണ്. ശലഭ വൈവിധ്യത്തെ തിരിച്ചറിയാനും അവയെ സംരക്ഷിക്കാനും നമുക്ക് കഴിയണം. വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനത്തെ ശലഭോദ്യാനമാക്കി മാറ്റിയാൽ ശലഭങ്ങളെ കുറച്ചെങ്കിലും സംരക്ഷിക്കാനാവും. ശലഭങ്ങളെ ആകർഷിക്കാൻ മൂന്ന തരത്തിലുള്ള സസ്യങ്ങൾ ആവശ്യമാണ്. എല്ലായ്പ്പോഴും പൂക്കൾ ഉണ്ടാവുന്ന കൊങ്ങിണിച്ചെടിയെപ്പോലുള്ള സസ്യങ്ങൾ പൂമ്പാറ്റകളുടെ ലാർവ്വാഭക്ഷണസസ്യങ്ങൾ ,പൂമ്പാറ്റകൾ കൂട്ടം ചേരുന്ന കിലുക്കിച്ചെടി (crotalaria) പോലുള്ള സസ്യങ്ങൾ. നമ്മുടെ വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനത്തെ ഇത്തരത്തിലുള്ള സസ്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ശലഭോദ്യാനമാക്കാൻ നമുക്ക് കഴിയും. കുട്ടികൾക്ക് ഉദ്യാനത്തിൽ വരുന്ന ശലഭങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്ന ഫോട്ടോ ഗാലറിയും ഒരുക്കിയാൽ പഠനപ്രവർത്തനത്തെ സഹായിക്കുന്ന നല്ലൊരു ശലഭോദ്യാനമായി മാറും. ഈയൊരു ഉദ്യമത്തിന് തുടക്കം കുറിക്കുകയാണ് നമ്മുടെ വിദ്യാലയം.

20

എറണാകുളം റവന്യൂ ജില്ലയിൽ   ഗവ.ഈസ്റ്റ് ഹൈസ്കൂളിന്റെ ജൈവവൈവിധ്യോദ്യാനം മൂന്നാം സ്ഥാനം നേടി

SSA മികച്ച ജൈവോദ്യാനത്തിനുള്ള പുരസ്കാരം നൽകി



# കൂടിയാട്ടം  നമ്മുടെ വിദ്യാലയത്തിൽ അവതരിപ്പിച്ചപ്പോൾ




കലാഭിരുചിക്ലാസ് നയിച്ച കലാമണ്ഡലം ജനകയ്ക്ക അഭിനന്ദനം





ആളുകൾ കണ്ടു  കണ്ടാണ് കടലിത്ര വലുതായത് --

കവി  കെ..ജി.ശങ്കരപ്പിള്ള

നന്ദി